## പുതിയ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ മൂന്നാം സംഘം ആരംഭം

മാർച്ച് 16, 2017

1.പാസ്പോർട്ടുമായി ബന്ധപ്പെട്ട സേവനങ്ങൾ രാജ്യത്തെ പൌരൻമാർക്ക് നൽകുന്നതിന് വേണ്ടി നിരവധി സംസ്ഥാനങ്ങളിലെ ഹെഡ് പോസ്റ്റ് ഓഫീസുകളെ (എച്ച്പിഒ) പോസ്റ്റ് ഓഫീസ് പാസ്പോർട് സേവ കേന്ദ്ര (പിഒപിഎസ്കെ)ങ്ങളായി ഉപയോഗിക്കുവാനുള്ള തങ്ങളുടെ തീരുമാനം കേന്ദ്ര വിദേശകാര്യ മന്ത്രാലയവും (എംഇഎ) ഡിപ്പാർട്ട്മെന്റ് ഓഫ് പോസ്റ്റ്സ്(ഡിഓപി) തീരുമാനിച്ചു. പാസ്പോർട്ട് സേവനങ്ങൾ കൂടുതൽ മേഖലകളിലേക്കു എത്തിക്കുന്നത് ഉറപ്പാക്കുവാനും സേവനങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുക എന്നതുമാണ് ഇതിന്റെ ഉദ്ദേശം

2. ഈ സംരംഭത്തിന്റെ . പൈലറ്റ് പദ്ധതികൾ കർണാടകയിലെ മൈസൂറും ഗുജറാത്തിലെ ദാഹോദിലും വിജയിച്ചതിനെ തുടർന്ന്, എംഇഎയും ഡിഒപിയും രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലായി 64 അധിക പിഒപിഎസ്കെകൾ [ 56 ( ഫെബ്രുവരി 9, 2017 നു പ്രഖ്യാപിച്ച ആദ്യ സംഘം , 8 - 28 ഫെബ്രുവരി , 2017 നു പ്രഖ്യാപിച്ച രണ്ടാം സംഘം ] തുടങ്ങുവാൻ അറിയിപ്പ് പ്രഖ്യാപിക്കുകയുണ്ടായി . അസൻസോളിലെ (വെസ്റ്റ് ബംഗാൾ ) 10 ., കവരത്തി (ലക്ഷദ്വീപ്) , കോട്ട (രാജസ്ഥാൻ) , മുസാഫർപൂർ ബീഹാർ)( പത്തനംതിട്ട (കേരള) , റായിഗഞ്ച് (വെസ്റ്റ് ബംഗാൾ ) റൂർക്കല (ഒഡീഷ) , സേലം ( തമിഴ്നാട് ) , ഉത്തംപൂർ (ജമ്മു & കാശ്മീർ) , വിദിശ ( മധ്യപ്രദേശ്) എന്നിവയുടെ ഉദ്ഘാടനം അന്നുമുതൽ ചെയ്തതോടെ രാജ്യത്തെ മൊത്തം പിഒപിഎസ്കകെളുടെ എണ്ണം 12 ആയി മാറി

പിഒപിഎസ്കെകളിലും പാസ്പോർട്ട് സംബന്ധിയായ സേവനങ്ങൾ നേരത്തെ പ്രഖ്യാപിക്കുന്നതിനായി എംഇഎയും ഡിഒപിയും വളരെ അടുത്ത് പ്രവർത്തിക്കുകയാണ് . ഇപ്പോൾ രണ്ടു കൂട്ടരും അടുത്ത എട്ട് (8) പിഒപിഎസ്കെകൾ രണ്ടാം ബാച്ചായി മഹാരാഷ്ട്രയിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ ആരംഭിക്കുവാൻ തീരുമാനിച്ചു

3. പന്ത്രണ്ട്  സ്ഥലങ്ങളിൽ  പിഒപിഎസ്കെകൾ വിജയകരമായി നടപ്പാക്കുവാൻ  സാധിച്ചതിന്റെ  വെളിച്ചത്തിൽ  എംഇ  എയും ഡിഒപിയും  19 പിഒപിഎസ്കെകൾ  കൂടി  താഴെ  പറയുന്ന  പോസ്റ്റ് ഓഫീസുകളിൽ  ആരംഭിക്കുവാൻ തീരുമാനിച്ചു:

-------------------------------------------------------------------------------------------------------
-------

സംസ്ഥാനം സ്ഥലങ്ങൾ

-------------------------------------------------------------------------------------------------------
-----------

ഗോവ സൌത്ത്  ഗോവ
പഞ്ചാബ്  ഭട്ടിൻഡ, ഗുർദാസ്പൂർ,  പാട്യാല
ഉത്തരാഖണ്ഡ് അൽമോറ, ഹൽദ്വാനി,നൈനിറ്റാൾ
ഉത്തർപ്രദേശ് ആഗ്ര, അലഹാബാദ്, അയോധ്യ, ബിജ്നൌർ,  ദിയോറിയ, ഗൌതം  ബുദ്ധ  നഗർ  (നോയിഡ)  , ഗാസിപ്പൂർ,  ഝാൻസി  , മധുര  , മീററ്റ്, പീലിഭിട്  , സുൽത്താൻപൂർ

4. ഇനി  ബാക്കിയുള്ള  73  പിഒപിഎസ്കെകളിൽ
പാസ്പോർട്ട്  സംബന്ധിച്ചുള്ള സേവനങ്ങൾ  എളുപ്പം
ആരംഭിക്കുന്നതിന്  എംഇഎയും  ഡിഒപിയും  വളരെ  അടുത്തു പ്രവർത്തിക്കുകയാണിപ്പോൾ

ന്യൂഡെൽഹി
മാർച്ച്16, 2017